## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49 — 28.02.2017-ൽ മറുപടിയ്ക്ക്

## വികസന രംഗത്ത് സഹകരണ മേഖലയുടെ പങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ വികസന രംഗത്ത് സഹകരണ മേഖലയുടെ പങ്ക് വ്യക്തമാക്കാമോ; | (എ) | ഇന്ത്യക്കാകെ മാതൃകയായ ഒരു സഹകരണ പ്രസ്ഥാനമാണ് കേരളത്തിലുള്ളത്. ജനജീവിതത്തിന്റെ സമസ്തമേഖലകളിലും ഗുണപരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്ന തരത്തിൽ സഹകരണ പ്രസ്ഥാനം കരുത്താർജ്ജിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം ഇല്ലാത്ത ഒരു മേഖലയും ഇന്നില്ല. കാർഷിക, കാർഷികേതര രംഗത്തും, ഉപഭോക്തൃ മേഖലയിലും, ക്ഷീരവികസനരംഗത്തും, കൈത്തറി, ഖാദി, കയർ, കശുവണ്ടി, മത്സ്യബന്ധനം, കളിമൺ വ്യവസായം തുടങ്ങിയ പരമ്പരാഗത മേഖലകളിലും പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ മേഖലയിലും, സാംസ്കാരിക രംഗത്തും, ആരോഗ്യമേഖലയിലും, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, വനിതാക്ഷേമം തുടങ്ങിയ മേഖലയിലും സഹകരണ പ്രസ്ഥാനങ്ങൾ ഇന്ന് കരുത്തുറ്റ സാന്നിദ്ധ്യമാണ്.<br><br>കേരളത്തിലെ കാർഷിക മേഖലയിൽ സഹകരണ സംഘങ്ങൾ ഒരു നിർണ്ണായക ശക്തിയാണ്. സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും 1611 സർവീസ് സഹകരണ ബാങ്കുകളും ചേർന്നതാണ് കേരളത്തിലെ സഹകരണ വായ്പാ ശൃംഖല. ദേശീയതലത്തിൽ |

കേരളത്തിലെ സഹകരണ മേഖല ശ്രദ്ധിക്കപ്പെടുന്നത് പ്രധാനമായി നിക്ഷേപ വായ്പാ രംഗത്തെ മികച്ച പ്രവർത്തനം കൊണ്ടാണ്. സഹകരണ മേഖലയിൽ 31/01/2017 ലെ കണക്ക പ്രകാരം 1,34,245.12 കോടിരൂപയുടെ അറ്റനിക്ഷേപമാണുള്ളത്.

സ്വകാര്യ പണമിടപാടുകാരുടേയും ബ്ലേഡ് മാഫിയകളുടേയും ചൂഷണത്തിൽ നിന്നും കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിന് സഹകരണ മേഖല വലിയ പങ്ക് വഹിക്കുന്നുണ്ട്. അതോടൊപ്പം തന്നെ സംഘങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വായ്പേതര പ്രവർത്തനങ്ങളും പ്രാദേശികമായ വികസനത്തിന് ഗണ്യമായ സംഭാവന നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ ഫണ്ടിന്റെ അപര്യാപ്തതയുള്ള സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം എടുത്തുപറയത്തക്ക നേട്ടമാണ്.

പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തു ന്നതിനും, ഉത്സവകാല വിപണികൾ നടത്തുന്നതിനും സഹകരണ ഉപഭോക്തൃ മേഖല വഹിച്ചുവരുന്ന പങ്ക് വളരെ വലുതാണ്. മെഡിക്കൽകോളേജുകൾ ഉൾപ്പെടെയുള്ള സഹകരണ ആശുപത്രികൾ കുറഞ്ഞ ചെലവിൽ ആരോഗ്യപരിപാലനം ഉറപ്പുവരുത്തുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് CAPE ന്റേയും മറ്റ് വിദ്യാഭ്യാസ സഹകരണ സംഘങ്ങളുടേയും നേതൃത്വത്തിൽ സർക്കാരിന്റെ നയങ്ങൾക്കനുസൃതമായി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരു ന്നുണ്ട്. യൂണിവേഴ്സിറ്റി അഫിലിയേഷ നോടുകൂടിയ കോഴ്സുകളും വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ നടത്തിവരുന്നുണ്ട്. സംസ്കരണ-വിപണന രംഗത്തെ പ്രവർത്ത നങ്ങൾ, ഹൗസിംഗ്, ടൂറിസം, ലേബർ കോൺട്രാക്ട് സംഘങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ വലിയ പങ്ക് വഹിക്കുന്നു. ദുർബല ജനവിഭാഗത്തിന്റെ ക്ഷേമവുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് സഹകരണ സംഘങ്ങളും വനിതാ സഹകരണ സംഘങ്ങളും സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലുള്ള സ്വാശ്രയ ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു.<br><br>ഏഷ്യയിലെ എഴുത്തുകാരുടെ ആദ്യത്തെ കൂട്ടായ്മയായ സാഹിത്യപ്രവർത്തക സഹകരണ സംഘം മലയാളികളുടെ സാഹിത്യ സാംസ്കാരിക ജീവിതത്തിലെ നാഴികക്കല്ലാണ്.<br><br>പരിയാരം മെഡിക്കൽകോളേജ്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം, കൺസ്യൂമർ ഫെഡ്, ഹാന്റെക്സ്, മിൽമ, റബ്കോ, കയർഫെഡ് തുടങ്ങിയവ കേരളീയർക്ക് സുപരിചിതങ്ങളായ നാമധേയങ്ങളാണ്.<br><br>ഇപ്രകാരം , സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയുടെ വികസനത്തിന് സഹകരണ മേഖല ഗണ്യമായ പങ്ക് വഹിച്ചുവരികയാണ്. പ്രത്യക്ഷമായും, പരോക്ഷമായും ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതിന് സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിയുന്നുണ്ട്. മാറിവരുന്ന സമ്പ്രദായങ്ങൾക്കും, നൂതന ആശയങ്ങൾക്കും അനുസൃതമായി സഹകരണ മേഖലയും മാറിക്കൊണ്ടിരിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ സഹകരണ മേഖലക്ക് കഴിയുന്നുണ്ടെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. |
| (ബി) | നോട്ട് നിരോധനത്തിന്റെ മറവിൽ സംസ്ഥാനത്തെ സഹകരണ രംഗം തകർക്കാനായി ശ്രമിച്ച ശക്തികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |
| (സി) | റിസർവ് ബാങ്ക് സഹകരണ സംഘങ്ങളിൽ നടത്തിയ പരിശോധന സംഘങ്ങൾക്കെതിരെയുള്ള ദുഷ് പ്രചരണത്തിന്റെ മുനയൊടിക്കുന്നതായിരുന്നുവെങ്കിലും സഹകരണ പ്രസ്ഥാനത്തോടുള്ള റിസർവ് ബാങ്കിന്റെ സമീപനം | (സി) | നോട്ട് പിൻവലിക്കലിനെ തുടർന്ന് പിൻവലിക്കലിക്കപ്പെട്ട 500/-,1000/- രൂപാ നോട്ടുകൾ നിക്ഷേപമായി സ്വീകരിക്കുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ ജില്ലാ സഹകരണ ബാങ്കുകളേയും. പ്രാഥമിക സംഘങ്ങളേയും ഒഴിവാക്കിയ കേന്ദ്രസർക്കാർ/ റിസർവ് ബാങ്ക് സമീപനം ഇന്ത്യയിലെ എല്ലാ |

| | | | |
|---|---|---|---|
| | മാറാതിരുന്നത് രാഷ്ട്രീയ പകപോക്കൽ മൂലമാണെന്ന് കരുതുന്നുണ്ടോ; ഇതുമൂലമുണ്ടായ പ്രതിസന്ധിയുണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | സഹകരണ ബാങ്കുകൾക്കും ബാധകമായിരുന്നു. ഇത് സഹകരണ മേഖലയിലെ നിക്ഷേപങ്ങളെ സംബന്ധിച്ച് ആശങ്കയുണ്ടാക്കി. നിക്ഷേപകർ പലരും ന്യൂ ജനറേഷൻ ബാങ്കുകളിലേക്ക് നിക്ഷേപം മാറ്റുന്ന സ്ഥിതിവന്നു. ഇതുമൂലമുണ്ടായ പ്രത്യാഘാതം ദൂരവ്യാപകമാണ്. |
| (ഡി) | സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെയും ഇടപാടുകാരുടെയും താല്പര്യം സംരക്ഷിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു.<br><br>നോട്ട് പിൻവലിച്ച ശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സഹകരണ മേഖലയിലെ നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കുംവിധം നടപടികൾ സ്വീകരിച്ചു. 500/-,1000/- രൂപാ നോട്ടുകൾ അസാധുവാക്കിയതുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രതിസന്ധി കറൻസി ലഭ്യതയുമായി മാത്രം ബന്ധപ്പെട്ടുള്ളതും താൽക്കാലികം മാത്രമാണെന്നും നിക്ഷേപ തുക യാതൊരു കാരണവശാലും നഷ്ടമാകില്ലെന്നും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും ആയതിനാൽ കറൻസി അസാധുവാക്കിയതു മുഖേന സമ്പദ്ഘടനയുടെ പ്രത്യേകിച്ച് കാർഷിക, ചെറുകിട വ്യാപാര |

മേഖലയിലുണ്ടായ മാന്ദ്യം മറികടക്കുന്നതിന് കേരള സർക്കാർ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുകയും, കറൻസി അസാധുവാക്കൽ മൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ പ്രസ്ഥാനത്തോടൊപ്പം ഉറച്ചു നിൽക്കണമെന്ന് കേരളീയ സമൂഹത്തോട് അഭ്യർത്ഥിക്കുകയുമുണ്ടായി.

നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നടപടികൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം യഥാക്രമം വായ്പ തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശയുടെ 10% ഇളവ് അനുവദിക്കുകയും, കുടിശ്ശിക വായ്പക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017", നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ